കെ.സി ജലീൽ പുളിക്കൽ

# മഴ ആരുടെ നിയന്ത്രണത്തിൽ?

عَنْ زَيْدِ بْنِ خَالِدٍ الْجُهَنِيِّ: أَقْبَل رَسُولُ اللَّهِ صلى الله عليه وسلم عَلَى النَّاسِ فَقَالَ : أَتَدْرُونَ مَاذَا قَالَ رَبُّكُمْ . قَالُوا اللَّهُ وَرَسُولُهُ أَعْلَمُ . فَقَالَ : يَقُولُ الله تَعَالى : أَصْبَحَ مِنْ عِبَادِي مُؤْمِنٌ بِي وَكَافِرٌ، فَأَمَّا مَنْ قَالَ مُطِرْنَا بِفَضْلِ اللَّهِ وَرَحْمَتِهِ ، فَذَلِكَ مُؤْمِنٌ بِي وَكَافِرٌ بِالْكَوْكَبِ، وَأَمَّا مَنْ قَالَ مُطِرْنَا بِنَوْءِ كَذَا وَكَذَا، فَذَلِكَ كَافِرٌ بِي وَمُؤْمِنٌ بِالْكَوْكَبِ (بخارى ، مسلم)

**സൈദുബ്നു ഖാലിദിൽനിന്ന്: (ഹുദൈബിയയിൽ വെച്ച് മഴ വർഷിച്ച രാത്രിയിൽ) റസൂൽ (സ) ജനങ്ങളെ അഭിമുഖീകരിച്ച് ചോദിച്ചു: 'നിങ്ങളുടെ നാഥൻ നിങ്ങളോട് പറഞ്ഞതെന്താണെന്ന് നിങ്ങൾക്ക് അറിയാമോ?' അവർ പറഞ്ഞു: 'അല്ലാഹുവിനും അവന്റെ ദൂതന്നും അറിയാം.' അപ്പോൾ നബി (സ) പറഞ്ഞു: 'അല്ലാഹു പറയുന്നു: എന്റെ അടിമകളിൽ എന്നിൽ വിശ്വസിക്കുന്നവനും അവിശ്വസിക്കുന്നവനുമുണ്ട്. അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും മൂലം നമുക്ക് മഴ ലഭിച്ചു എന്ന് പറഞ്ഞതാരോ അവൻ എന്നിൽ വിശ്വസിച്ചവനും നക്ഷത്രത്തിൽ അവിശ്വസിച്ചവനുമാകുന്നു. എന്നാൽ ഇന്ന നക്ഷത്രം മൂലം നമുക്ക് മഴ ലഭിച്ചു എന്ന് പറഞ്ഞതാരോ അവൻ എന്നിൽ അവിശ്വസിച്ചവനും നക്ഷത്രത്തിൽ വിശ്വസിച്ചവനുമാണ് (ബുഖാരി, മുസ്‌ലിം).**

മഴ മനുഷ്യ നിയന്ത്രണത്തിന് അതീതമാണെന്നതിൽ ആർക്കും തർക്കമില്ല. പക്ഷേ, ആരുടെ നിയന്ത്രണത്തിലാണ്? അതിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ നബിവചനം. അതീവ പ്രാധാന്യമുള്ള ഇക്കാര്യം അല്ലാഹു നേരിട്ട് പ്രവാചകനിലൂടെ നമ്മെ അറിയിക്കുകയാണ് (ഹദീസ് ഖുദ്സി). മഴ മനുഷ്യനിയന്ത്രണത്തിലല്ലെന്ന് ഉറപ്പായപ്പോൾ, യഥാർഥ നാഥനെ കണ്ടെത്താൻ കഴിയാത്തവർ ഊഹാപോഹങ്ങൾക്കും സങ്കൽപങ്ങൾക്കും പിന്നാലെ പോയി. പല അന്ധവിശ്വാസങ്ങളും മിഥ്യാധാരണകളും ഈ വിഷയത്തിൽ ഉടലെടുത്തു. അത്തരം അന്ധവിശ്വാസങ്ങളെയും യഥാർഥ വിശ്വാസത്തെയും വേർതിരിച്ചു കാണിക്കുകയാണ് ഈ വചനത്തിൽ.

മഴയെ സംബന്ധിച്ച് മാത്രമല്ല, ദൈവത്തെ സംബന്ധിച്ചും പല മിഥ്യാധാരണകളും അന്ധവിശ്വാസങ്ങളും മുമ്പു മുതലേ ജനം വെച്ചു പുലർത്തി പോന്നിട്ടുണ്ട്. പ്രവാചകന്മാർ പഠിപ്പിച്ച ഏകദൈവ വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചതിന്റെ അനിവാര്യ ഫലമാണ് ഇത്തരം അന്ധവിശ്വാസങ്ങളുടെ കടന്നുകയറ്റം. പ്രപഞ്ചത്തിനൊരു സ്രഷ്ടാവുണ്ട്, അവൻ ഏകനും സർവശക്തനും സർവജ്ഞനും യുക്തിജ്ഞനുമാണ് എന്നത് ബുദ്ധിയുടെയും യുക്തിയുടെയും തേട്ടമാണ്. അതിനാൽതന്നെ സൃഷ്ടികളും ആശ്രിതരുമായ മനുഷ്യർ അവരുടെ ആഗ്രഹങ്ങളും ആവശ്യങ്ങളുമെല്ലാം ഏകനായ സ്രഷ്ടാവിനു മുമ്പിൽ സമർപ്പിക്കേണ്ടതുണ്ടെന്ന് പ്രവാചകന്മാർ പഠിപ്പിച്ചിട്ടുള്ളതാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിലോ നിയന്ത്രണത്തിലോ മറ്റൊരു ശക്തിക്കും ഒരു പങ്കുമില്ലെന്നും അവർ ബോധ്യപ്പെടുത്തി. ഈ സിദ്ധാന്തത്തോട് യോജിക്കാത്തവയെല്ലാം അയഥാർഥങ്ങളും മിഥ്യകളുമാണ്.

ഭൂമിയിലെ ഋതുഭേദങ്ങൾക്ക് ചന്ദ്രസൂര്യാദി നക്ഷത്രങ്ങളുടെ ചലനങ്ങളുമായി ബന്ധമുണ്ടെന്ന് തെറ്റിദ്ധരിച്ച ചിലർ ദിവ്യത്വം ആരോപിച്ച് അവയെ പൂജിച്ചു തുടങ്ങി. യഥാർഥ ദൈവത്തെ കണ്ടെത്താത്ത ഇവരോട് ഖുർആൻ പറഞ്ഞു: നിങ്ങൾ സൂര്യനെയും ചന്ദ്രനെയുമൊന്നും നമിക്കുകയല്ല വേണ്ടത്. അവയെയെല്ലാം സൃഷ്ടിച്ച അല്ലാഹുവിനെയാണ് നമിക്കേണ്ടത്.

സമുദ്രത്തിലെ ഉപ്പു ജലമാണ് ശുദ്ധജലമായി മഴയായി വർഷിക്കുന്നത്. സമുദ്രജലം നീരാവിയാക്കി ഉയർത്തി മേഘമാക്കി അന്തരീക്ഷത്തിൽ നിർത്തി കടലിൽനിന്ന് ന്യൂനമർദം മുഖേന കാറ്റെത്തിച്ച് മേഘത്തെ ഘനീഭവിപ്പിച്ച് മഴ വർഷിപ്പിക്കാനുള്ള സംവിധാനമൊരുക്കിയതും എന്നിട്ട് മഴവർഷിപ്പിക്കുന്നതുമെല്ലാം അല്ലാഹു മാത്രമാണ്. ഇതിലൊന്നും ഒരവസരത്തിലും മറ്റാർക്കും, മറ്റൊന്നിനും ഇടപെടാനാകില്ല. ഏതളവിൽ, എപ്പോഴെല്ലാം, എവിടെയെല്ലാം മഴ വേണമെന്ന് നിശ്ചയിക്കുന്നതും ദൈവം തന്നെ. ദൈവം കനിഞ്ഞരുളിയ അമൂല്യനിധിയായ മഴ ദൈവത്തിന്റെ സൃഷ്ടികൾക്കെല്ലാം ഉപകാരപ്പെടുംവിധം ദൈവനിർദേശത്തിനൊത്ത് ഉപയോഗിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. ഇതിനു പകരം, ദൈവത്തിന്റെ ഔദാര്യമാണ് മഴ എന്ന് അംഗീകരിക്കാതിരിക്കുകയും അത് ദൈവസൃഷ്ടികൾക്ക് ലഭിക്കുന്നത് തടയുകയും ചെയ്യുമ്പോൾ, അനുഗ്രഹമായി പെയ്യുന്ന മഴ അപകടം വിതക്കുന്നു. ധിക്കാരത്തിന്റെ തോതനുസരിച്ച് ഭവിഷ്യത്തും രൂക്ഷമാകും.

ഇതാണ് പ്രവാചകൻ നൂഹി(അ)ന്റെ സംഭവത്തിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്. നൂഹ് ജനങ്ങളോട് പറഞ്ഞു: ''നിങ്ങളുടെ നാഥനോട് മാപ്പിരക്കുവിൻ. അവൻ ഏറെ മാപ്പരുളുന്നവനാണ്. എങ്കിൽ സമൃദ്ധമായി അവൻ മഴ വർഷിപ്പിച്ചുതരും. സമ്പത്തും സന്തതികളും നൽകി സഹായിക്കും. തോട്ടങ്ങളുണ്ടാക്കിത്തരും, നദികളൊഴുക്കിത്തരും'' (*നൂഹ്* 10-13).

ഇതെല്ലാം പുഛിച്ചുതള്ളിയ ജനതക്ക് മഴ തന്നെ തീരാദുരിതമാവുകയായിരുന്നു. എല്ലാം ദൈവത്തിന്റെ തീരുമാനം. തടയാനാരുമില്ല. എല്ലാവരും അശക്തർ. ഇതാണ് ഈ മഹദ് വചനത്തിന്റെ സന്ദേശം. ●